കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:..............................................

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.കെ.കെ.ഡി പി4/1947/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

ഇ-മെയിൽ -dokkd.ksad@kerala.gov.in

ഫോൺ: 0495 2371012.

തീയതി. 14-11-2016.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

പേരാമ്പ്ര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പേരാമ്പ്ര ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 , 3 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3)കാര്യാലയ പകർപ്പ്

കെ എസ് എ.കെ.കെ.ഡി.പി4/1947/2016 തിയ്യതി: 14-11-2016.

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31.05.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ. കെ.എം. ബാലകൃഷ്ണൻ | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ. എൻ. രാജീവൻ | സീനി. ഗ്രേഡ് ഓഡിറ്റർ |
| 3 | ശ്രീമതി. ഇന്ദുകല. സി. വി | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ. ടി. കെ കുമാരൻ | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീമതി. കെ. എം. റീന | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. അനീഷ് അരവിന്ദ് | 01.04.2015 മുതൽ 28.07.2015 വരെ |
| | ശ്രീ. മനോജ്. ഒ | 29.07.2015 മുതൽ 31.03.2016 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| ശ്രീമതി. മിസി. ടി.സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01.04.15 മുതൽ 07/15 വരെ |
| ശ്രീമതി. ഗ്രേസി. എ. ടി | കൃഷി ഓഫീസർ | 01.04.2015 മുതൽ 30.11.2015 വരെ |
| ശ്രീമതി. ബിന്ദു. ആർ | | 01.12.2015 മുതൽ 31.03.2016 വരെ |
| ഡോ. ബിനീഷ്. പി. പി | വെറ്ററിനറി സർജൻ | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| ഡോ. വിനോദ് കുമാർ. കെ. പി | മെഡിക്കൽ ഓഫീസർ<br>താലൂക്ക് ആശുപത്രി | 01.04.2015 മുതൽ 31.03.2016 വരെ |
| ഡോ. പ്രശോഭ് കുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീ. ബേബിജോൺ | വി.ഇ.ഒ പേരാമ്പ്ര | 01.04.2015 മുതൽ 23.06.2015 വരെ |
| ശ്രീ. അനീഷ് കുമാർ. ആർ.യു | | 09.09.2015 മുതൽ 31.03.2016 വരെ |
| ശ്രീ. പ്രതീഷ് പി | വി.ഇ.ഒ എരവട്ടൂർ | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീമതി. സന്ധ്യ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01.04.2015 മുതൽ 19. 10. 2015 വരെ |
| ശ്രീമതി.സുബൈദ. പി. ടി | | 20.10.2015 മുതൽ 31.03.2016 വരെ |
| ശ്രീമതി. ലീന. ടി. കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീ. അബ്ദുൾഖാദർ | ഹെഡ് മാസ്റ്റർ | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം

ഭാഗം 1

പൊതു അവലോകനം.


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രികകൾ | 1(11) |


ഭാഗം-II


| ക്രമ നം | ഇനം | ഖണ്ഡിക നം | പേജ് നം |
|---|---|---|---|
| 1 | വാർഷിക കണക്കിലെ അപാകതകൾ | 2-1 | |
| 2 | ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ | 2-2 | |
| 3 | സാംഖ്യ സ്റ്റേഷനറി/രശീതി സൂക്ഷിപ്പിലെ അപാകതകൾ | 2-3 | |
| 4 | സേവനങ്ങൾ നൽകുന്നതിന് നിയമം/ചട്ട പ്രകാരമുള്ള നികുതി ഈടാക്കുന്നില്ല | 2-4 | |
| 5 | വസ്തു നികുതി - കുടിശ്ശിക 10,54,880/- രൂപ ഈടാക്കിയില്ല | 2-5 | |

| | | | |
|---|---|---|---|
| 6 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-6 | |
| 7 | പരസ്യനികുതി ഈടാക്കിയില്ല | 2-7 | |
| 8 | ട്രേഡേർസ് ലിസ്റ്റ് എഴുതി സൂക്ഷിക്കുന്നില്ല | 2-8 | |


ഭാഗം-III


| ക്രമ നം | ഇനം | ഖണ്ഡിക നം | പേജ് നം |
|---|---|---|---|
| 1 | മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പുതിയ റോഡ് നിർമ്മിച്ചു | 3-1 | |
| 2 | ഗുണഭോക്തൃസമിതികൾ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ | 3-2 | |
| 3 | ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-3 | |
| 4 | മൃഗ സംരക്ഷണ മേഖലയിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയില്ല. | 3-4 | |
| 5 | റോഡ് പ്രവൃത്തികൾക്ക് ഭാഗിക പ്രൊജക്ട് | 3-5 | |
| 6 | ആരോഗ്യ മേഖല;പദ്ധതി നിർവ്വഹണം മാർഗ്ഗ രേഖക്ക് വിരുദ്ധം | 3-6 | |
| 7 | "വികസനത്തിന്റെ അഞ്ചു വർഷങ്ങൾ"- പുസ്തകം അച്ചടിച്ചതിന് പണം ചെലവഴിച്ചതിലെ അപാകതകൾ | 3-7 | |
| 8 | ആയുർവ്വേദ ആശുപത്രിക്ക് ഫർണ്ണീച്ചർ വാങ്ങൽ അപാകതകൾ | 3-8 | |
| 9 | കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് പഞ്ചായത്ത് അടയ്ക്കുന്നു | 3-9 | |
| 10 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് അടയ്ക്കുന്നതിലെ അപാകതകൾ | 3-10 | |
| 11 | വെള്ളക്കരം ഒടുക്കുന്നതിലെ അപാകതകൾ | 3-11 | |
| 12 | കൊളോർമല കുടിവെള്ളപദ്ധതി പൂർത്തിയാക്കിയില്ല | 3-12 | |
| 13 | കുടുംബശ്രീ എസ്.സി.എ.ഫണ്ട് ചെലവഴിച്ചില്ല. | 3-13 | |
| 14 | ഭവന നിർമ്മാണ പദ്ധതി പൂർത്തിയാക്കിയില്ല | 3-14 | |


ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) | |
| 6 | ഓഡിറ്റ് റിക്കവറി | 4(6) | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) | |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) |
|---|---|
| 27/2015, 28.02.2015 | - |

2015-16 ലെ ബജറ്റ് 28.02.2015 ലെ 27/15 തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചു. പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകളും യഥാർത്ഥ വരവ് ചെലവ് കണക്കുകളും തമ്മിൽ സാരമായ വ്യതിയാനമുണ്ട്. വിശദ വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

| | ബജറ്റ് പ്രകാരം വരവ് ചെലവ് കണക്കുകൾ | വാർഷിക കണക്കു പ്രകാരം വരവ് ചെലവ് കണക്കുകൾ |
|---|---|---|
| മുൻബാക്കി | 3,08,76,893 | 3,43,04,140 |
| വരവ് | 20,36,65,200 | 8,02,63,081 |
| ആകെ | 23,45,42,093 | 11,45,67,221 |
| ചെലവ് | 21,06,38,150 | 9,95,49,730 |
| നീക്കിയിരിപ്പ് | 2,39,03,943 | 1,50,17,491 |

സേവന നികുതി, പരസ്യനികുതി എന്നീ വരവിനങ്ങൾക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. 05.01.2016 ലെ 132/15 നമ്പർ തീരുമാന പ്രകാരം പരസ്യനികുതി സംബന്ധിച്ച് ബൈലോയ്ക്ക് ഭരണ സമിതി അംഗീകാരം നൽകിയിട്ടുണ്ട്. തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. ബജറ്റ് പ്രകാരമുള്ള വരവിന്റെയും ചെലവിന്റെയും 50% ൽ താഴെ മാത്രമാണ് യഥാർത്ഥ വരവും ചെലവും. ബജറ്റ് യഥാർത്ഥ വസ്തുതകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 27.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം(റസീറ്റ് & പേമെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുൻബാക്കി | 3,43,04,140 |
| വരവ് | 8,02,63,081 |

| | |
|---|---|
| ആകെ | 11,45,67,221 |
| ചെലവ് | 9,95,49,730 |
| നീക്കിബാക്കി | 1,50,17,491 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 15,00,000 | 11509465 | 13009465 | 13009465 | (+)3304490 | - |
| വികസന ഫണ്ട്(എസ്.സി.പി) | 96,310 | 5655099 | 5751409 | 4919099 | -832310 | - |
| വികസനഫണ്ട്(ടി.എസ്.പി) | - | 12,000 | 12,000 | 12,000 | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1740479 | 5040000 | 6780479 | 5403764 | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1078213 | 3529000 | 4607213 | 2962521 | - | - |
| ധനകാര്യ കമ്മീഷൻ അവാർഡ് | - | 6539992 | 6539992 | 4067812 | (-)2472180 | - |
| ലോകബാങ്ക് സഹായം | 527278 | - | 527278 | 527278 | - | - |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 295 | 217 | 31 | 78 | 73.55 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 6,67,800 | 5,21,279 | 78.05 |
| വെറ്ററിനറി സർജൻ | 1 | 1 | 34,64,000 | 4,12,012 | 11.89 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 5 | 5 | 6,00,000 | 4,98,640 | 83.11 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ ഹോമിയോ | 4 | 3 | 3,80,000 | 3,55,000 | 93.42 |
| വി.ഇ.ഒ | 22 | 18 | 2,93,11,800 | 69,95,549 | 23.86 |
| സെക്രട്ടറി | 20 | 10 | 62,36,401 | 23,45,635 | 37.61 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 28,51,210 | 28,12,128 | 98.63 |
| അസി. എഞ്ചിനീയർ | 214 | 153 | 18,82,61,311 | 5,05,77,258 | 26.86 |
| ഹെഡ് മാസ്റ്റർ | 12 | 12 | 18,90,000 | 17,49,374 | 92.55 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 2,00,000 | 2,00,000 | 100 |
| അസി. സെക്രട്ടറി | 5 | 4 | 29,68,000 | 15,68,000 | 52.83 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1,18,19,804 | 1,05,38,682 | -12,81,122 | 12.1(-) |
| നികുതിയേതര വരവുകൾ | 41,40,306 | 43,96,299 | 2,55,993 | 5.8(+) |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 31,77,285 | 21,24,083 | -10,53,202 | 49.5(-) |
| ആകെ | 2,77,23,118 | 2,65,00,302 | -12,22,816 | 4.6(-) |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 36 | - | 7 | -<br>-<br>-<br>-അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന തിനുള്ള കാലതാമസം, മറ്റ് പെൻഷനുകൾ വാങ്ങുന്നവരുടെ അപേക്ഷ പരിശോധിക്കുന്നതിനുള്ള സമയം എന്നിവയാണ് അപേക്ഷക ളിൽ നിശ്ചിത സമയത്തിനുള്ളിൽ തീരുമാനമെടുക്കാൻ കഴിയാത്ത തിന് കാരണം.. |
| 2 | തൊഴിൽ രഹിത വേതനം | 24 | - | 5 | |
| 3 | വിധവാ പെൻഷൻ | 80 | 2 | 10 | |
| 4 | വികലാംഗ പെൻഷൻ | 26 | - | - | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | - | - | |
| 6 | വാർദ്ധക്യകാല പെൻഷൻ | 679 | 4 | 12 | മറ്റ് പെൻഷനുകൾ വാങ്ങുന്നവരാണ് കൂടുതൽ |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 8,414രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 29.09.2016 | 06/2016 – 08/16 | | |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 14.12.2015 | 2010-11 – 2014-15 | 28.01.2016 | ഇല്ല |

## 1-11 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

2015- 16 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. വാർഷിക കണക്കുകൾ പ്രസിഡണ്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. Income & Expenditure പ്രകാരം വർഷാവസാന മിച്ചം/കമ്മി ഫണ്ട് ബാലൻസ് ഷീറ്റിലേക്ക് Carry Over ചെയ്ത തുകയിൽ വ്യത്യാസമുണ്ട്.
3. ആസ്തി രജിസ്റ്റർ കാലികമായി തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റിന്റെ ബി11 ഷെഡ്യൂളിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
4. പഞ്ചായത്ത് തയ്യാറാക്കിയ ബജറ്റ് ഫംഗ്ഷൻ ഫംഗ്ഷനറി അടിസ്ഥാനത്തിലല്ല.
5. 1996-97 വർഷം മുതൽ 2012-13 വരെ വിവിധ ലേലയിനങ്ങളിലായി 600175/- രൂപ കുടിശ്ശികയിനത്തിൽ ലഭിക്കാനുണ്ട്. (2013-14&2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.2 കാണുക)
6. വാറ്റ്, ആദായനികുതി, നിർമ്മാണതൊഴിലാളി ക്ഷേമനിധി എന്നീ ഇനങ്ങളിൽ പിരിച്ചെടുത്ത തുകയുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
7. ഇ.എം.എസ് ലോൺ രജിസ്റ്റർ പ്രകാരം ലോൺ ഇനത്തിൽ വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി 10,03,488/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക B-5 ഷെഡ്യൂൾ പ്രകാരം ഇത് 8,68,488/- രൂപയാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 2-2 ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

ഭരണസമിതി മിനിട്സ് പരിശോധിച്ചതിൽ 28/02/2015 ന് ഭരണസമിതി ബജറ്റ് അംഗീകരിച്ചതായി കാണുന്നു.എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ 12/03/2015 നാണ് 2015-16 വർഷത്തെ ബജറ്റിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം നൽകിയിരിക്കുന്നത്.

1994ലെ കേരള പഞ്ചായത്ത്രാജ് നിയമം സെക്ഷൻ 214 പ്രകാരം അടുത്ത വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15 നുമ്പായി സെക്രട്ടറിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ തയ്യാറാക്കേണ്ടതും ആയത് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.ഇതു പ്രകാരം ധനകാര്യസ്റ്റാന്റിംഗ്കമ്മിറ്റി പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബജറ്റ് തയ്യാറാക്കേണ്ടതും ഭരണസമിതിയുടെ അംഗീകാരത്തിന് വെക്കേണ്ടതുമാണ് . എന്നാൽ പേരാമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിന് മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ്

അംഗീകരിക്കാതെയാണ് ഭരണസമിതി ബജറ്റിന് അംഗീകാരം നൽകിയിരിക്കുന്നത്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 2-3 സാംഖ്യ സ്റ്റേഷനറി/രശീതി സൂക്ഷിപ്പിലെ അപാകതകൾ

2015-16 ഓഡിറ്റിന്റെ ഭാഗമായി രശീതികൾ, സാംഖ്യ രശീതികൾ എന്നിവ പരിശോധിച്ചതിൽ രശീതികൾ കൈകാര്യം ചെയ്യുന്നതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സാംഖ്യ സ്റ്റേഷനറികൾ ഫ്രണ്ട് ഓഫീസിലേക്ക് ഇഷ്യൂ ചെയ്യുമ്പോൾ കൈപ്പറ്റുന്ന ഉദ്യോഗസ്ഥർ പേര്, തീയതി എന്നിവ രേഖപ്പെടുത്തി ഒപ്പ് വെയ്ക്കുന്നതായി കാണുന്നില്ല. ഉദാ:- സ്റ്റോക്ക് രജിസ്റ്റർ പേജ് നം 21 (27.02.16, 04.03.16, 16.03.16. 08.04.16, 25.04.16, 09.05.16).ഓഡിറ്റ് കാലയളവിൽ സ്റ്റോക്ക് രജിസ്റ്റർ/ഫ്രണ്ട് ഓഫീസ് രജിസ്റ്ററിൽ സാംഖ്യ രശീതികളുടെ പ്രതിദിന ഉപയോഗം, ബാലൻസ് എന്നിവ രേഖപ്പെടുത്താത്തതിനാൽ ഈ കാലയളവിലെ സാംഖ്യ സ്റ്റേഷനറികളുടെ ഉപയോഗം, ബാലൻസ് എന്നിവയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.
2. ക്യാൻസൽ ചെയ്യുന്ന എല്ലാ മാന്വൽ /സാംഖ്യ രശീതികളും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഉദാ:- 23985/5, 47 , 23940/58, 11505104753/5.12.15, 7033599-601.
3. ക്യാൻസൽഡ് രശീതി റിപ്പോർട്ട് പ്രകാരം 11505106338/17.2.16(2,563/-) സാംഖ്യരശീതി റദ്ദ് ചെയ്തിട്ടുള്ളതാണ്. ഇതിന്റെ ഒറിജിനൽ പരിശോധനയ്ക്ക് ലഭ്യമായില്ല. കൂടാതെ, 28518/54 നമ്പർ മാന്വൽ രശീതി ക്യാൻസൽ ചെയ്തതായി കാണുന്നു. ഒറിജിനൽ രശീതി ഇതോടൊപ്പം സൂക്ഷിച്ചിട്ടില്ല.
4. ഓഡിറ്റ് കാലയളവിലെ ഡേ ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(14/20.10.2016) ലഭ്യമാക്കിയ മറുപടിയിൽ (ക്രമ നം. 3 ന്) ക്യാൻസൽ ചെയത രശീതി കൗണ്ടർ ഫോയിലിനോടൊപ്പം വച്ചിരുന്നതായും പിന്നീട് നഷ്ടപ്പെട്ടു പോയതാണെന്നും അറിയിച്ചു. രശീതി കണ്ടെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും, സ്റ്റോക്ക് രജിസ്റ്ററിലെ അപാകത പരിഹരിച്ച് സമർപ്പിക്കേണ്ടതുമാണ്.

## 2-4 സേവനങ്ങൾ നൽകുന്നതിന് നിയമം/ചട്ട പ്രകാരമുള്ള നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200(2) , 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം.26 എന്നിവ അനുസരിച്ച് ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. മേൽ പരാമർശിച്ച ചട്ടം 27, 28, 29 പ്രകാരം പഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ചുമത്തൽ, ഈടാക്കേണ്ട സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ, പ്രത്യേക സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കൽ എന്നിവ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് 2015-16 ൽ മേൽ പറഞ്ഞ സേവനങ്ങൾക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക | ഈടാക്കാവുന്ന സേവന നികുതി നിരക്ക് ചട്ടം 26 |
|---|---|---|
| മാലിന്യ നിർമ്മാർജ്ജനം/ ശുചിത്വ പരിപാലനം | 11,12,300 | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 4% |
| തെരുവ് വിളക്ക് | 10,28,334 | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 3% |
| ജലവിതരണം | 8,97,752 | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 2% |
| ഡ്രെയിനേജ് | - | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 1% |

| | | |
|---|---|---|
| ആകെ | 30,38,386 | |

2015-16 വർഷത്തിൽ കെട്ടിടനികുതിയിനത്തിൽ തൻവർഷ വരവ് 55,85,894/- രൂപ. (കുടിശ്ശിക വരവ് (5,35,518/- രൂപ)കൂടാതെ). ഇത് പ്രകാരം താഴെ പറയും പ്രകാരം സേവനഉനികുതി ഈടാക്കാമായിരുന്നു.

| സേവനങ്ങൾ | ഈടാക്കാവുന്ന സേവനഉപനികുതി |
|---|---|
| മാലിന്യ നിർമ്മാർജ്ജനം/ ശുചിത്വ പരിപാലനം | 2,23,436 |
| തെരുവ് വിളക്ക് | 1,67,577 |
| ജലവിതരണം | 1,11,718 |
| ഡ്രെയിനേജ് | - |
| ആകെ | 5,02,731 |

എന്നാൽ സേവനങ്ങൾക്ക് ഈടാക്കാവുന്ന സേവനഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടികൾ സ്വീകരിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/20.10.2016)മറുപടി ലഭ്യമാക്കിയിട്ടില്ല. സേവനഉപനികുതി ചുമത്താവുന്നതും വരുമാനം വർദ്ധിപ്പിക്കാവുന്നതുമാണ്.

## 2-5 <u>വസ്തു നികുതി - കുടിശ്ശിക **10,54,880/-** രൂപ ഈടാക്കിയില്ല</u>

2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളിൽ നിന്നും ഈടാക്കിയ വസ്തു നികുതി പിരിവ് പരിശോധിച്ചതിൽ നിന്നും 19 വാർഡുകളിൽ നിന്നായി തൻവർഷം 2,64,539/- രൂപയും, മുൻവർഷങ്ങളിലെ കുടിശ്ശിക 7,81,351/- രൂപയും ചേർത്ത് 10,45,890 രൂപ കുടിശ്ശിക ഈടാക്കുവാനുണ്ട്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 243(1) പ്രകാരം ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ള തുക ഈടാക്കാൻ നിയമ നടപടികൾ സ്വീകരിക്കാവുന്ന തീയ്യതി മുതൽ മൂന്ന് വർഷം കഴിഞ്ഞാൽ ഈ തുക കാലഹരണപ്പെടും. വകുപ്പ് 243(3) പ്രകാരം ഇത്തരത്തിലുള്ള നടപടികളിലുള്ള വീഴ്ച കാരണം തുക കാലഹരണപ്പെടുകയാണെങ്കിൽ ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും 12% പലിശ സഹിതം ഈടാക്കാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(17/22.10.2016) ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശികയിൽ 2,14,439/- രൂപ പിരിച്ചെടുത്തിട്ടുണ്ടെന്നും, കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അതാത് വാർഡ് ചുമതലയിലുള്ള ക്ലാർക്ക്മാർക്ക് ഓഫീസ് ഉത്തരവ് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. കുടിശ്ശികയിനത്തിൽ ശേഷിക്കുന്ന നികുതി പിരിച്ചെടുക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-6 <u>തൊഴിൽ നികുതി പിരിവിലെ അപാകതകൾ</u>

2015-16 ഓഡിറ്റിന്റെ ഭാഗമായി സ്ഥാപനങ്ങളുടെ ലിസ്റ്റ്, അർദ്ധവാർഷിക വരുമാന പത്രികകൾ, ഡിമാൻഡ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അൺ-എയിഡഡ് സ്കൂളുകളിൽ നിന്നും ഈടാക്കുന്ന തൊഴിൽ നികുതിയിൽ കുറവ്

2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന താഴെ പറയുന്ന സ്കൂളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സ്കൂളിന്റെ പേര് | അർദ്ധവർഷം | ജീവനക്കാരുടെ എണ്ണം, ഈടാക്കിയ തൊഴിൽനികുതി |
|---|---|---|

| | | | |
|---|---|---|---|
| സെന്റ്. മീരാസ് പബ്ലിക് സ്കൂൾ (സി.ബിഎസ്.ഇ) | 2015-16 I Half | 1 x 1,250 = 1,250 | 24,110<br>11505102471/ 31.08.15 |
| | | 14 x 600 = 8,400 | |
| | | 47 x 300 = 14,100 | |
| | | 2 x 180 = 360 | |
| | 2015-16 II Half | 1 x 1,250 = 1,250 | 37,250<br>11505107000, 6999/ 25.02.16 |
| | | 39x 600 = 23,400 | |
| | | 11 x 450=4,950 | |
| | | 9 x 750 = 6750 | |
| | | 3 x 300 = 900 | |
| ഒലീവ് പബ്ലിക് സ്കൂൾ (സി.ബിഎസ്.ഇ) | 2015-16 I Half | 1 x 750 = 750 | 20,400<br>11505103126/<br>29.09.15 |
| | | 5 x 600 = 3000 | |
| | | 27 x 450 = 12,150 | |
| | | 15 x 300 = 4500 | |
| | 2015-16 II Half | 1 x 750 = 750 | 22,240<br>11505106764/<br>22.02.16 |
| | | 7 x 600 = 4200 | |
| | | 37 x450 = 16,650 | |
| | | 2 x 300 = 600 | |
| സെന്റ്. ഫ്രാൻസിസ് സ്കൂൾ (കേരള സിലബസ്) | 2015-16 I Half | 1 x 1,250 = 1,250 | 22,350<br>11505102327/ 22.08.15 |
| | | 1 x 1000 = 1000 | |
| | | 13 x 750 = 9750 | |
| | | 9 x 600= 5400 | |
| | | 11 x 450 = 4950 | |
| | 2015-16 II Half | 1 x 1,250 = 1,250 | 21,000<br>11505107290/<br>29.02.16 |
| | | 1 x 1000 = 1000 | |
| | | 12 x 750 = 9000 | |
| | | 8 x 600= 4800 | |
| | | 11 x 450 = 4950 | |

സ.ഉ(എം.എസ്) 36/2011/G.Edn തീ. 14.02.2011 പ്രകാരം 01.01.2011 മുതൽ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ടീച്ചിംഗ്/നോൺ ടീച്ചിംഗ് വിഭാഗത്തിലെ ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. സ്ഥാപനം സി.ബി.എസ്.സി അഫിലിയേഷനുള്ളതാണെങ്കിൽ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷന്റെ അഫിലിയേഷൻ ബൈലോ, 1988 ലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഇന്ത്യയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകളിലെ ജീവനക്കാർക്ക് അതേ തസ്തികയിൽ ജോലിചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്ന വേതനവും,മറ്റ് ആനുകൂല്യങ്ങളും നൽകണമെന്ന് നിർദ്ദേശിക്കുന്നുമുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന സ്കൂളുകൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ ഈ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയാണ് ജീവനക്കാർക്ക് വേതനം നൽകിയിരിക്കുന്നത്. സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം ജീവനക്കാർക്ക് മിനിമം വേതനം ലഭ്യമാക്കിയിരുന്നെങ്കിൽ തൊഴിൽ നികുതിയിനത്തിൽ കൂടുതൽ തുക ലഭിക്കുമായിരുന്നു. ഇവിടെ സ്ഥാപനം സമർപ്പിച്ചിരിക്കുന്ന അർദ്ധവാർഷിക വരുമാന പത്രികകളിന്മേൽ ആവശ്യമായ പരിശോധന നടത്തിയതായി കാണുന്നില്ല. ഇക്കാര്യത്തിൽ വ്യക്തമായ മറുപടി നൽകേണ്ടതാണ്.

3.വിമുക്തഭടനെ തൊഴിൽ നികുതിയുടെ പരിധിയിൽ നിന്നും ഒഴിവാക്കി

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, പേരാമ്പ്ര ശാഖയിലെ ഹെഡ് കാഷ്യർ ശ്രീ. നാരായണൻ എന്നവരിൽ നിന്നും,

ഇദ്ദേഹം, 'Ex-Service Men' എന്ന് രേഖപ്പെടുത്തി തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിമുക്തഭടന്മാരെ തൊഴിൽനികുതിയുടെ പരിധിയിൽ നിന്നും ഒഴിവാക്കാനുണ്ടായ കാരണം വിശദീകരിക്കേണ്ടതാണ്.

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (15/20.10.2016, 24/22.10.2016) എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-7 പരസ്യനികുതി ഈടാക്കിയില്ല

1994ലെ കേരള പഞ്ചായത്ത്രാജ് നിയമം സെക്ഷൻ 209 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിലോ ചുമരിലോ പരസ്യപലകയിൻമേലോ എടുപ്പിൻമേലോ അതിന്റെ മുകളിലോ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് പരസ്യനികുതി ഈടാക്കാവുന്നതാണ്.ഇതിനായി നിരക്കുകളും മറ്റു കാര്യങ്ങളും നിശ്ചയിച്ചുകൊണ്ടുള്ള നടപടിക്രമങ്ങളുടെ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്.പേരാമ്പ്ര ഗ്രാമപഞ്ചായത്ത് ബൈലോ തയ്യാറാക്കുകയും 05/01/16 ലെ 132/2015 നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ ഓഡിറ്റ് തിയ്യതി വരെ ബൈലോ സർക്കാരിന്റെ അനുമതിക്ക് അയച്ചിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.ബൈലോയ്ക്ക് അനുമതി ലഭ്യമാക്കി പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-8 ട്രേഡേർസ് ലിസ്റ്റ് എഴുതി സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് എഴുതി സൂക്ഷിച്ച ഡി &ഒ ലൈസൻസ് പെർമിഷൻ രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം ലൈസൻസിനുള്ള 1092 അപേക്ഷകൾ ലഭിച്ചതായി കാണുന്നു.എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാര/കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ കാണിക്കുന്ന ട്രേഡേർസ് ലിസ്റ്റ് എഴുതി സൂക്ഷിക്കാത്തതിനാൽ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഡി&ഒ ലൈസൻസ് ഫീസ് കളക്ഷൻ ഡിമാന്റ് ആയി കാണിച്ചിരിക്കുകയാണ്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വരും വർഷത്തേയ്ക്ക് ട്രേഡേർസ് ലിസ്റ്റ് തയ്യാറാക്കുന്നതാണെന്ന് അറിയിച്ചു. ഭാവിയിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മൃഗസംരക്ഷണ മേഖലയിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയില്ല.

ഒഡിറ്റ് വർഷം മൃഗസംരക്ഷണ മേഖലയിൽ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി പുതിയ പദ്ധതികളൊന്നുംതന്നെ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. ആസൂത്രണ പ്രക്രിയയിൽ മൃഗസംരക്ഷണ മേഖലയ്ക്ക് വളരെയേറെ പ്രാധാന്യം ഉണ്ട്. ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് നിരവധി തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന മേഖലയയാണിത്. ഉൽപ്പാദന മേഖലയിൽ നിരവധി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കാൻ കഴിയുമായിരുന്നെങ്കിലും, ഗ്രാമ പഞ്ചായത്ത് ഈ മേഖലയിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല. ഈ മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് അവസാനമായി യോഗം ചേർന്നത് 09.02.2015 നാണ്. ഈ യോഗത്തിൽ സ്പിൽ ഓവർ പദ്ധതിയായി നടന്ന് വരുന്ന തൊഴുത്തും കിടാരിയും വിപുലപ്പെടുത്തുന്നതിനും,തരിശ് ഭൂമിയിൽ തീറ്റപ്പുൽ കൃഷി വ്യാപിക്കുന്നതിലുമുള്ള തീരുമാനം എടുത്തിരുന്നെങ്കിലും, തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഇതിന് ശേഷം വർക്കിംഗ്ഗ്രൂപ്പ് യോഗം ചേർന്നിട്ടില്ല. ഓഡിറ്റ് വർഷം പുതിയ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഗ്രാമപഞ്ചായത്തിൻറ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 ഗുണഭോക്തൃസമിതികൾ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(6) – ൽ മരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്തുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ

വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിച്ച സാധനങ്ങളുടെ തരവും അളവും വിലയും തൊഴിലാളികളുടെ എണ്ണവും കൂലിയും മറ്റ് ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃസമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പഞ്ചായത്തിന് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ 2015-16 വർഷങ്ങളിൽ പഞ്ചായത്ത് ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കൺവീനറുടെ വരവ് ചെലവ് കണക്കുകൾ, മസ്റ്റർറോൾ, സാധനങ്ങൾ/സേവനങ്ങളുടെ ബിൽ തുടങ്ങിയവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, എസ്റ്റിമേറ്റ് | കൺവീനർ | എഗ്രിമെന്റ് തിയ്യതി, എം.ബുക്ക് | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | കരിയാടിതാഴെ പേരാമ്പ്ര ഹൈസ്കൂൾ റോഡ് ടാറിംഗ്, ₹450000, | സലിം പി.വി. | 167/15-16 തീ.14/12/15, 156/15-16 | 448661 |
| 2 | മൂശാരികണ്ടി ഞെടിഞ്ഞിൽപ്പറ്റ റോഡ്, ₹100000 | കെ.ബാലകൃഷ്ണൻ | 90/14-15 തീ.28/02/15 | 94340 |

ഗുണഭോക്തൃസമിതികൾ മുഖേന നടപ്പിലാക്കിയ പല പ്രവൃത്തികളിലും കൺവീനർ തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രശീത്, കൺവീനറുടെ പേരിലെടുത്ത ഡി.ഡി യുടെ പകർപ്പ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഉദാഹരണം ക്രമ നമ്പർ 2 പ്രകാരമുള്ള പ്രവൃത്തി. അപാകതകൾ സംബന്ധിച്ച് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 3-3 ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ഗ്രാമപഞ്ചായത്തിലെ നിരാലംബരായ അഗതികളുടെ ഉന്നമനത്തിനായി പരിചരണ സേവനങ്ങളുടെ ഒരു പാക്കേജ് ഉൾപ്പെടുത്തി ആവിഷ്കരിച്ച പദ്ധതിയാണ് ആശ്രയ. 2005-06 വർഷത്തിലാണ് ഈ പദ്ധതി ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചത് എന്നാൽ ലക്ഷ്യം കൈവരിക്കുന്നതിൽ പദ്ധതി പൂർണ്ണമായും വിജയിച്ചിട്ടില്ല.പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സേവന പാക്കേജ് | ഗുണഭോക്താക്കളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ചത് | ഭൗതികനേട്ടം |
|---|---|---|---|---|
| വീട് | 53 | 12450000 | 1378000 | 14 പേർ ഭവന നിർമ്മാണം പൂർത്തിയാക്കി |
| വീട് റിപ്പയർ | 21 | 447000 | 352500 | 9വീടുകൾ റിപ്പയർ ചെയ്തു |
| കക്കൂസ് | 23 | 184000 | ------ | ------ |
| കുടിവെള്ളം | 89 | 1350000 | 288458 | 4ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കി |
| ഭക്ഷണം | 124 | 1416654 | 1041123 | 124പേർക്ക് ഭക്ഷണം നൽകി വരുന്നു |
| ചികിത്സ | 117 | 539900 | 79979 | 84പേർക്ക്ചികിത്സ ലഭ്യമാക്കി |
| വിദ്യാഭ്യാസം | 28 | 141500 | 54300 | 28പേർക്ക് വിദ്യാഭ്യാസ സഹായം നൽകി |
| വസ്ത്രം | 111 | 223500 | 72578 | 111 പേർക്ക് വസ്ത്രം നൽകി |

ഈ പദ്ധതിയിലെ ഒന്നാം ഘട്ടത്തിൽ 62ഗുണഭോക്താക്കളും,രണ്ടാം ഘട്ടത്തിൽ 58 ഗുണഭോക്താക്കളുമാണ് ഉൾപ്പെട്ടിട്ടുള്ളത്.ഒന്നാം ഘട്ടത്തിലെ പദ്ധതി ഗുണഭോക്താക്കൾക്കുള്ള ചലഞ്ച് ഫണ്ട് ഇനത്തിൽ 10 ലക്ഷം രൂപ 14.12.2005 ന് ലഭിച്ചിരുന്നു.ഇത് മുഴുവനായും ചെലവഴിച്ചിട്ടുണ്ട്.ഒന്നാം ഘട്ട പദ്ധതിയി ലെ ഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകുന്നതിന് നിലവിൽ ഫണ്ടില്ലാത്ത അവസ്ഥയാണുള്ളത്. രണ്ടാം ഘട്ട പദ്ധതിയിലെ ഗുണഭോക്താക്കൾക്കുള്ള ചലഞ്ച് ഫണ്ടായി 391553/-രൂപ 31.03.2016 ൽ ഗ്രാമപഞ്ചായത്തിൽ ലഭിച്ചിരുന്നു. എന്നാൽ ഈ തുക പഞ്ചായത്ത് സി.ഡി.എസ്.ന് കൈമാറിയിട്ടില്ല.ഇത് കൈമാറാൻ സത്വര നടപടികൾ

സ്വീകരിക്കേണ്ടതാണ്.ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് വീട്, സ്ഥലം എന്നിവ നൽകുന്നതിന് ജില്ലാ പഞ്ചായത്ത് വിഹിതമായി 2006-07,2009-10 എന്നീ വർഷങ്ങളിൽ 768000/-രൂപ ലഭിച്ചിരുന്നു.എന്നാ ഈ തുകയിൽ 490028/-രൂപ സി.ഡി.എസ് അക്കൗണ്ടിൽ ഇപ്പോഴും വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. ആശ്രയ പ്രോജക്ടിൽ ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം ലഭിക്കാൻ നിരവധി ഗുണഭോക്താക്കൾ അവശേഷിച്ചിരിക്കേ, ഇതിനുള്ള തുക വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നത് ശരിയായ നടപടിയല്ല.

ആശ്രയ പദ്ധതി ആരംഭിച്ച് പത്ത് വർഷം പൂർത്തിയായെങ്കിലും പദ്ധതി ഗുണഭോക്താക്കളുടെ ജീവിത നിലവാരം,സാമ്പത്തികസ്ഥിതി എന്നിവ സംബന്ധിച്ച് വിശദമായ മോണിറ്ററിംഗ് ഇതുവരെ നടത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/21.10.16) മറുപടി ലഭ്യമാക്കിയിട്ടില്ല.പദ്ധതി നടത്തിപ്പിൽ ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പുതിയ റോഡ് നിർമ്മിച്ചു

ജി.ഒ(എം.എസ്) 330/2004 തസ്വഭവ തീ.09/12/2004 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ,സർക്കുലർ നമ്പർ 68228/എഫ്.എം.1/2012 തസ്വഭവ തീ.28/11/2012 എന്നിവ പ്രകാരം റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപണിയാണ് നടത്തേണ്ടത്.എന്നാൽ ഓഡിറ്റ് വർഷം മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡുകളുടെ മെറ്റലിംഗ്, ടാറിംഗ്ി പ്രവൃത്തികൾക്കുപയോഗിച്ചതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രൊജക്ട് നം,<br>പ്രവൃത്തിയുടെ പേര്,<br>എസ്റ്റിമേറ്റ്,<br>കരാറുകാരൻ | മൂല്യനിർണയം ചെയ്ത തുക,<br>അളവ് പുസ്തകം | ചെയ്ത പ്രവൃത്തികൾ | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 37/15-16,<br>വില്ലേജ് ഓഫീസ് തച്ചറത്ത്കണ്ടി റോഡ്,<br>₹450000,<br>ചന്ദ്രൻ .കെ | ₹449408,<br>132/15-16 | 355 മീറ്റർ നീളത്തിൽ 86.5 ഘനമീറ്റർ സോളിംഗ് | ₹449408<br>(₹224408<br>മെ.ഗ്രാ.+₹250000 എ.ഫണ്ട്) |
| 2 | 69/15-16,<br>കരിയാടിതാഴെ പേരാമ്പ്ര ഹൈസ്കൂൾ റോഡ് ടാറിംഗ്,<br>₹450000,<br>സലിം പി.വി. | ₹448661,<br>156/15-16 | 703.07 ച.മീ.ടാറിംഗ്, | ₹448661<br>(390000 മെ.ഗ്രാ+58661 തനതുഫ.) |

റോഡുകളുടെ അറ്റകുറ്റ പണികൾ നടത്തിയതിനുശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്,ടാറിംഗ്,കോൺക്രീറ്റിംഗ് ഉടങ്ങിയ പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്.എന്നാൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ റോഡുകളിലൊന്നും അറ്റകുറ്റപണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായി തീരുമാനമെടുത്തശേഷമായിരിക്കണം മെയിന്റനൻസ് ഫണ്ട് നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നത്. എന്നാൽ ഭരണസമിതി ഇങ്ങനെ തീരുമാനമെടുത്തിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 3-5 റോഡ് പ്രവൃത്തികൾക്ക് ഭാഗിക പ്രൊജക്ട്

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ,IRC സ്പെസിഫിക്കേഷൻ എന്നിവ പ്രകാരം പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ റോഡ് ഫോർമേഷൻ മുതൽ ടാറിംഗ് വരെയുള്ള മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്റ്റ് അംഗീകരിച്ച് പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്.എന്നാൽ 2015-16 വർഷം നിർവ്വഹണം നടത്തിയ ചില പ്രൊജക്റ്റുകളുടെ കാര്യത്തിൽ സോളിംഗ് വരെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രവൃത്തികൾ നിർവ്വഹിച്ചു കാണുന്നു. ഒരുദാഹരണം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, എസ്റ്റിമേറ്റ് | കൺവീനർ | എഗ്രിമെന്റ് തിയ്യതി,എം.ബുക്ക് | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | വില്ലേജ് ഓഫീസ് തച്ചറത്ത്കണ്ടിറോഡ്, ₹450000, | ചന്ദ്രൻ .കെ | 42/15-16തീ.26 /09/15 132/15-16 | ₹449408 |

മുൻ വർഷങ്ങളിലും ഇപ്രകാരം പ്രവൃത്തികൾ ചെയ്തതിനാൽ ഓഡിറ്റ് വർഷം ടാറിംഗ് നടത്തുമ്പോൾ റീ സോളിംഗ് ഇനത്തിൽ ചെലവുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (ഉദാഹരണമായി പ്രൊജക്റ്റ് നം.69/15-16)റീ സോളിംഗ് ഇനത്തിൽ അധികചെലവ് വരുന്നതും, തുക ചോലവഴിച്ചിട്ടും റോഡിന്റെ യഥാർത്ഥ ഗുണം ലഭിക്കുന്നതിന് കാലതാമസം വരുന്നതും,ഇപ്രകാരം ഭാഗിക പ്രൊജക്റ്റുകൾ നിർവ്വഹിക്കുന്നതിലെ വീഴ്ചയാണ്. കൂടാതെ ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ വീതം വെക്കുന്ന പ്രവണത വ്യാപകമായി കാണുന്നു.വലിയ റോഡുകൾ ചെറിയ ചെയിനേജുകളാക്കി വിഭജിച്ച്100 മീറ്ററിൽ താഴെ മാത്രം നീളമുള്ള പ്രവൃത്തികൾ ധാരാളമായി ചെയ്തിട്ടുണ്ട്. ഒരുദാഹരണം താഴെ കൊടുത്തിരിക്കുന്നു.

| ക്രമനമ്പർ | പ്രൊജക്റ്റ് നം. | പ്രവൃത്തിയുടെ പേര് | റോഡിന്റെ നീളം | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 36/15-16 | കൊളോറച്ചാലിൽ കൊശവ കോളനി അംഗനവാടി റോഡ് | 76.3മീറ്റർ | ₹200000 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതാണ്.

## 3-6 ആരോഗ്യ മേഖല;പദ്ധതി നിർവ്വഹണം മാർഗ്ഗ രേഖക്ക് വിരുദ്ധം

മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി പേരാമ്പ്ര) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രോജക്റ്റുകൾ പദ്ധതി മാർഗ്ഗ രേഖക്ക് വിരുദ്ധമാണ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്റ്റിൻെറ പേര്/ നം. | അടങ്കൽ | ബിൽ/ചെക്ക്നം. തിയ്യതി. | ചെലവ്തുക | ഫണ്ട് | നടത്തിയ പ്രവർത്തനം |
|---|---|---|---|---|---|
| എയിഡ്സ് ബോധവൽക്കരണം.53/16 | 10000/- | 23/16 21.03.16 | 10000/- | എഫ്.സി.ഗ്രാൻറ്. | എയിഡ്സ് ദിനത്തോടനുബന്ധിച്ച് ബോധവൽക്കരണം പരിപാടി സംഘടിപ്പിച്ചു. |
| പുകയില വിമുക്ത | 10000/- | ch.215697/ | 10000/- | തനത് | പുകയില വിരുദ്ധ സന്ദേശം |

| | | | | | |
|---|---|---|---|---|---|
| ദേശം.55/16 | | 05.03.16 | | | ഉൾക്കൊള്ളുന്ന മൾട്ടി കളർ ലേസർ സ്റ്റിക്കർ അച്ചടിച്ച് വീടുകളിലും സ്ഥാപനങ്ങളിലും വിതരണം ചെയ്തു. |
| ക്യാൻസർ രോഗനിർണ്ണയ ക്യാമ്പ്. 56/16 | 200000. | ch.216902 28.03.16 | 98640/- | തനത് | മലബാർ കാൻസർ കെയർ സൊസൈറ്റിയുമായി ചേർന്ന് കാൻസർ രോഗനിർണ്ണയ ക്യാമ്പ് നടത്തി. |
| ആകെ ചെലവ്തുക | | | 118640/- | | |

സ.ഉ.(എം.എസ്.)നമ്പർ 362/2013 ത.സ്വ.ഭ.വ.തിയ്യതി.16.11.2013 അനുബന്ധം17 ഖ.7.7 ൽ ഉൽപ്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ പരിപാടികൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ലെന്നും, മെഡിക്കൽ ക്യമ്പുകൾ വിദൂര പ്രദേശങ്ങളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തണമെന്നും നിർദ്ദേശിക്കുന്നുണ്ട്.എന്നാൽ ഈ നിർദ്ദേശം മറികടന്ന് പദ്ധതി നിർവ്വഹണം നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/20.10.16)നൽകിയ മറുപടി തൃപ്തികരമല്ല. ചെലവ് തുക 118640/-തടസ്സത്തിൽ വെക്കുന്നു.

## 3-7 "വികസനത്തിന്റെ അഞ്ചു വർഷങ്ങൾ"- പുസ്തകം അച്ചടിച്ചതിന് പണം ചെലവഴിച്ചതിലെ അപാകതകൾ

തനതുഫണ്ട് ചെലവുകളുടെ വൗച്ചറുകൾ പരിശോധിച്ചതിൽ 2015-16 വർഷത്തെ കരട് പദ്ധതി രേഖ പ്രിന്റ് ചെയ്തതിന് ഐക്കൺ ഓഫ്സെറ്റ്പേരാമ്പ്ര എന്ന സ്ഥാപനത്തിന് ₹45000 (വൗച്ചർ നം.21500655തീ.4/10/15)നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

എന്നാൽ വൗച്ചറിനോടൊപ്പമുള്ള ഐക്കൺ ഓഫ്സെറ്റ്പേരാമ്പ്ര എന്ന സ്ഥാപനത്തിന്റെ ബിൽ പരിശോധിച്ചതിൽ പദ്ധതി രേഖ അച്ചടിച്ചതായി കാണുന്നില്ല.പകരം,'പേരാമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 5 വർഷങ്ങൾ' എന്ന34 പേജുള്ള പുസ്തകം 4500 കോപ്പി അച്ചടിച്ചതിനാണ് തുക നൽകിയത്. 2011-12 മുതൽ 2015-16 വരെ പഞ്ചായത്ത് നിർമ്മിച്ച റോഡുകൾ, നടപ്പാതകൾ,പാലങ്ങൾ തുടങ്ങിയവയുടെ വിവരങ്ങളാണ് പുസ്തകത്തിന്റെ ഉള്ളടക്കം. 2011-12 മുതൽ 2015-16 വരെയുള്ള പദ്ധതി രേഖകളിൽ ലഭ്യമായ മേൽപ്പറഞ്ഞ വിവരങ്ങൾ പന്ത്രണ്ടാം പദ്ധതി അവസാനിക്കുന്നതിന് മുമ്പ് പുസ്തകമായി അച്ചടിച്ചതിന് പണം ചെലവഴിച്ചത് ശരിയായ നടപടിയല്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്. ചെലവഴിച്ച ₹45000 തടസ്സത്തിൽ വെക്കുന്നു.

## 3-8 ആയുർവ്വേദ ആശുപത്രിക്ക് ഫർണ്ണീച്ചർ വാങ്ങൽ അപാകതകൾ

ആയുർവ്വേദ ആശുപത്രിക്ക് ഫർണ്ണീച്ചർ വാങ്ങൽ അപാകതകൾ

നിർവ്വഹണം. ഹോമിയോ മെഡിക്കൽ ഓഫീസർ

പ്രോജക്ട് നം 301/16

അടങ്കൽ 30000/-

ബിൽ നം.തിയ്യതി 3/15-16. 28.03.16 (4000/- എം.ജി. നോൺ റോഡ്)

ചെക്ക് നം തി. 216901. 28.03.16 (26000/-തനത് ഫണ്ട്)

പ്രോജക്ടിൽ, ഫർണ്ണീച്ചറുകൾ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ച്, രാജധാനി ഫർണ്ണീച്ചർ പേരാമ്പ്ര എന്ന സ്ഥാപനത്തിൽ നിന്നും ആവശ്യമായ ഫർണ്ണീച്ചറുകൾ വാങ്ങുകയായിരുന്നു. പ്രോജക്ട് നിർദ്ദേശം അവഗണിച്ച് പദ്ധതി നിർവ്വഹണം നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (7/20.10.16) മറുപടി നൽകിയിട്ടില്ല.ചെലവ് തുക 30000/-തടസ്സത്തിൽ വെക്കുന്നു.

## 3-9 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് പഞ്ചായത്ത് അടയ്ക്കുന്നു

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിസിറ്റി ചാർജ് ഇനത്തിൽ 361561/-രൂപ അടച്ചിട്ടുണ്ട്.സ.ഉ.(സ)1275/2009 ത.സ്വ.ഭ.വ തി.30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ സംരക്ഷണം,നടത്തിപ്പ്,അറ്റകുറ്റപ്പണി,വൈദ്യുതി ചാർജ്,ഓപ്പറേറ്ററുടെ വേതനം നൽകൽ എന്നിവ ഗുണഭോക്തൃ കമ്മിറ്റികളുടെ ചുമതലയാണ്.ഇത് പാലിക്കാതെ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് ഗ്രാമപഞ്ചായത്ത് അടച്ച് വരുകയാണ് ചെയ്യുന്നത്.താഴെ കൊടുത്ത കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജാണ് ഇപ്പോൾ ഗ്രാമപഞ്ചായത്ത് അടച്ച് വരുന്നത്.

1)കരുവാഞ്ചേരി കോളനി കുടിവെള്ള പദ്ധതി.

2)പാറപ്പുറം കുടിവെള്ള പദ്ധതി

3)പുറ്റംപൊയിൽ കുടിവെള്ള പദ്ധതി

4)നടുക്കണ്ടിമീത്തൽ പമ്പ് ഹൗസ് (മെയിൻ)

5)നടുക്കണ്ടിമീത്തൽ പമ്പ് ഹൗസ് (സബ്)

6)ചിരുതക്കുന്ന്കുടിവെള്ള പദ്ധതി

7)കൈപ്രം കുടിവെള്ള പദ്ധതി

8)കാപ്പുമ്മൽ കുടിവെള്ള പദ്ധതി

9)ചാമക്കുന്ന്കുടിവെള്ള പദ്ധതി

10)വേവ്വർ കുട്ടം കുടിവെള്ള പദ്ധതി

11)മഞ്ചേരിക്കുന്ന്കുടിവെള്ള പദ്ധതി

12)ആനേരിക്കുന്ന്കുടിവെള്ള പദ്ധതി

13)തരിപ്പമല കുടിവെള്ള പദ്ധതി

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ്എൻക്വറിക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളുടെ യോഗം വിളിച്ച് ചേർത്ത് കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ കമ്മിറ്റികൾക്ക് ഏല്പിച്ച് കൊടുക്കുന്നതി നാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.കുടിവെള്ള പദ്ധതികൾ ഗുണഭോക്താക്കളെ ഏല്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് അടയ്ക്കുന്നതിലെ അപാകതകൾ

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് അടച്ചതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ,1028334/-രൂപ വൈദ്യുതി ചാർജ് ഇനത്തിൽ ഒടുക്കിയിട്ടുണ്ട്.തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച വിവരം, പേരാമ്പ്ര ഇലക്ട്രിക്കൽ സെക്ഷൻ അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയത് തെരുവ് വിളക്ക് റജിസ്റ്ററിൽ പതിച്ച് വെച്ചിട്ടുണ്ട്. എന്നാൽ ഇത് പഞ്ചായത്ത് അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന് ശേഷം തയ്യാറാക്കിയതാണോ എന്നത് വ്യക്തമല്ല.യഥാർത്ഥത്തിൽ ഉപയോഗിച്ച വൈദ്യുതിക്കുള്ള ചാർജ് തന്നെയാണോ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ ഒടുക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നതിനായി വൈദ്യുതി ബോർഡും,പഞ്ചായത്തും ഒരു സംയുക്ത പരിശോധന നടത്തേണ്ടതാണ്.സർക്കാർ ഉത്തരവ് നം65529/ഡി.ഡി3/12 ത.സ്വ.ഭ.വ.തി.12.03.2013 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സമ്പ്രദായത്തോട് കൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.സർക്കാർ നിർദ്ദേശം പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ സംയുക്ത പരിശോധന നടത്തുന്നതിന് കെ. എസ്.ഇ.ബി ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.സർക്കാർ നിർദ്ദേശം പാലുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 വെള്ളക്കരം ഒടുക്കുന്നതിലെ അപാകതകൾ

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് 897752/-രൂപ വെള്ളക്കരം ഇനത്തിൽ ഒടുക്കിയിട്ടുണ്ട്. 4/15 മുതൽ11/15

വരെയുള്ള മാസങ്ങളിൽ പ്രതിമാസം 71750/-രൂപയായിരുന്ന വെള്ളക്കരമിനത്തിൽ അടച്ചിരുന്നത് . എന്നാൽ 12/15 മുതൽ 74813/-രൂപയായി ചാർജ് വർധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 4/15 മുതൽ 11/15 വരെയുള്ള കുടിശ്ശിക തുക 24500/-രൂപ 12/15ൽ അടച്ചിട്ടുണ്ട്. എന്നാൽ കുടിശ്ശിക അടച്ചതുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയുമായി ഗ്രാമപഞ്ചായത്ത് കത്തിടപാടുകളൊന്നും നടത്തിയിട്ടില്ല. 06.03.2012ന് വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറും പഞ്ചായത്ത് പ്രസിഡൻറും സംയുക്തമായി ഒപ്പിട്ട പരിശോധനാ റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ എണ്ണം 147ആണ്. എന്നാൽ ഓഡിറ്റ് വർഷം 171 ടാപ്പുകളുടെ വെള്ളക്കരമാണ് പഞ്ചായത്ത് ഒടുക്കിവരുന്നത്. അധികമായി വെള്ളക്കരമൊടുക്കുന്ന 24ടാപ്പുകളുടെ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. പ്രവർത്തിക്കുന്ന ടാപ്പുകൾക്ക് മാത്രമെ വെള്ളക്കരം ഒടുക്കുന്നുള്ളുവെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.വാട്ടർ അതോറിറ്റിക്ക് അധിക തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് ക്രമപ്പെടുത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്.

## 3-12 കൊളോർമല കുടിവെള്ളപദ്ധതി പൂർത്തിയാക്കിയില്ല

പ്രൊജക്ട് നം. :155/15-16

എസ്റ്റിമേറ്റ് :₹100000(വികസനഫണ്ട്)

ചെലവ് :₹69159

കൺവീനർ :സജീവൻ എൻ.കെ.

നിലവിലുള്ള കുടിവെള്ളപദ്ധതിയുടെ പമ്പിംഗ് മെയിൻ ജിഐ പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനും ജലവിതരണപൈപ്പ് വിപുലീകരിക്കുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. 31/03/2016 ന് ₹69159 പാർട്ട്ബിൽ നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയ്യതി വരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 കുടുംബശ്രീ എസ്.സി.എ.ഫണ്ട് ചെലവഴിച്ചില്ല.

കുടുംബശ്രീ സംസ്ഥാന മിഷൻ സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ് ഇനത്തിൽ നൽകിയ തുകയിൽ 330714/- രൂപ ചെലവഴിക്കാതെ സി.ഡി.എസ്.അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. 21.01.2003ന് 352069/-രൂപയും 10.11.2004ന് 443200/-രൂപയും കൂടി ആകെ 795269/- രൂപയാണ് ഈ ഇനത്തിൽ സി.ഡി.എസ്.അക്കൗണ്ടിൽ (നമ്പർ 29272 കനറാ ബേങ്ക് പേരാമ്പ്ര) വരവ് വന്നത്. ഇതിൽ 464555/-രൂപ ഇതുവരെ വിനിയോഗിച്ചിട്ടുണ്ട്. കുടുംബശ്രീ അയൽ കൂട്ടങ്ങൾക്ക് 60% സംരംഭ സബ്സിഡിയായും,15% പരിശീലനത്തിനും,25% അടിസ്ഥാന സൗകര്യത്തിനും വിനിയോഗിക്കുവാൻ നൽകേണ്ട ഈ തുക ചെലവഴിക്കാതെ സി.ഡി.എസ് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ശരിയായ നടപടിയല്ല. തുക ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/21.10.1 നൽകിയ മറുപടിയിൽ തുക വിനിയോഗിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമെന്ന് ചാർജ് ഓഫീസർ അറിയിച്ചിട്ടുണ്ട്. തുകയുടെ വിനിയോഗം സംബന്ധിച്ച് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-14 ഭവന നിർമ്മാണ പദ്ധതി പൂർത്തിയാക്കിയില്ല

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായ ഭവന നിർമ്മാണപദ്ധതി(ജനറൽ) കാലയളവ് പൂർത്തിയായിട്ടും ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. 25/15

അടങ്കൽ. 7600000/- (വികസന ഫണ്ട്)

കാലയളവ് 2013-14 മുതൽ 2015-16 വരെ (ബഹുവർഷം)

| ക്രമനം | പേര്/വിലാസം. | കൈപ്പറ്റിയ തുക | ബാക്കി കൊടുക്കാനുള്ളത് | അവസാനം കൈപ്പറ്റിയ തിയ്യതി | നിർമ്മാണഘട്ടം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ബീവി.കരുവാൻറമീത്തൽ. എടവരാട്. | 80000/- | 120000/- | 11.11.2015 | ചുമർ പൂർത്തിയായി. |
| 2 | സജിത.ആനേരിക്കാവിൽ. എരവട്ടൂർ | 180000/- | 20000/- | 30.092016 | കോൺക്രീറ്റ്പൂർത്തിയായി. |
| 3 | അമ്മദ്.പീടികക്കണ്ടി. മേഞ്ഞാണ്യം. | 140000/- | 60000/- | 11.11.2015 | ലിൻറൽ പൂർത്തിയായി. |
| 4 | രജിന.കണ്ണമ്പത്ത്ചാലിൽ | 140000/- | 60000/- | 30.09.2016 | - ടി- |
| 5 | ജമീല.ചെമ്മാരീമ്മൽ.പേരാമ്പ്ര. | 140000/- | 60000/- | 23.02.2016 | ചുമർ പൂർത്തിയായി. |
| 6 | ശങ്കരൻ.വെള്ളയോട്ടുമ്മൽ. പേരാമ്പ്ര. | 180000/- | 20000/- | 11.11.2015 | കോൺക്രീറ്റ്പൂർത്തിയായി |
| 7 | ഗീത.മമ്മിളി.പേരാമ്പ്ര. | 180000/- | 20000/- | 28.03.15 | -ടി- |
| 8 | പാത്തുമ്മ.ചാമുണ്ടിതറേമ്മൽ.മേഞ്ഞാണ്യം. | 180000/- | 20000/- | 30.09.16 | -ടി- |
| 9 | ഷരീഫ.അങ്ങാടിക്കയിൽ.എടവരാട്. | 140000/- | 60000/- | 11.11.2015 | ചുമർ പൂർത്തിയായി. |
| 10 | സുരേഷ്.പുത്തൻപുരയിൽമീത്തൽ. മേഞ്ഞാണ്യം. | 20000/- | 180000/- | 27.03.2014 | തറ പൂർത്തിയായി. |
| 11 | ചന്ദ്രൻ.പടിഞ്ഞാറെ നാഗത്ത്.എരവട്ടൂർ. | 140000/- | 60000/- | 28.03.15 | ചുമർ പൂർത്തിയായി. |

പദ്ധതി കാലയളവ് കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(9/20.10.16)ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കൾക്കുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണമാണ് പ്രവൃത്തി നീണ്ട് പോകുന്നതെന്നും, പ്രവൃത്തി പൂർത്തിയാക്കാൻ സാദ്ധ്യതയില്ലാത്ത ഗുണഭോക്താക്കളിൽ നിന്ന് നൽകിയ തുക പലിശ സഹിതം തിരിച്ച് പിടിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും വി.ഇ.ഒ. അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 8,00,000 | മീറങ്ങാട്ട് കുടിവെള്ള പദ്ധതി | ഇല്ല | 8,00,000 |

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച പ്രവൃത്തി നടത്തിയതിന്റെ വിവരം .

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KWA | അംഗൻവാടി കുടിവെള്ള വിതരണം | 214005/ 23.07.2014 | 1,44,000 | 1,44,000 | | |
| KSEB | കടുക്കാട് കുടിവെള്ള പദ്ധതി | 21401489/ 26.03.2015 | 1,12,009 | 1,12,009 | | |
| KSEB | കണ്ണോത്ത്കുന്ന് കുടിവെള്ള പദ്ധത് | 21401491/ 26.0.2015 | 2,07,210 | 2,07,210 | | |
| KSEB | പാണ്ടിക്കോട് കുടിവെള്ള പദ്ധതി | 21401471 31.03.2015 | 69,950 | 69,950 | | |
| KWA | പൊൻപറക്കുന്ന് കോളനി കുടിവെള്ള പദ്ധതി | 21301346/ 23.01.2014 | 3,50,000 | 3,50,000 | | |
| KWA | നറക്കൻകുന്ന് കുടിവെള്ള പദ്ധതി | 21301624/ 04.02.2014 | 2,00,000 | 2,00,000 | | |
| KWA | പൊൻപറക്കുന്ന് കുടിവെള്ള പദ്ധതി | 21301624/ 28.02.2014 | 39,000 | 39,000 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | പൈഞ്ചുമ്പമല കുരിടിയത്ത് കുടിവെള്ള പദ്ധതി | ശ്രീ. അച്യുതൻ | 21501399/ 08.03.2016 | 1,00,000 | ഇല്ല | | |

## 4-4-i വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാന വശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം. |
|---|---|---|---|---|---|
| 1 | 1,55,25,000* KURDFC | പ്രൊ.നം. 191/16 കാർഷിക വിപണനകേന്ദ്രവും കൃഷി വിജ്ഞാനകേന്ദ്രവും സ്ഥാപിക്കൽ | 1,55,25,000 | - | - |
| 2 | 1,35,000 | EMS ഭവന പദ്ധതി | 1,35,000 | - | - |

*4,666/- രൂപ മുതലിൽ നിന്നും കുറച്ച് 15520334/- രൂപയാണ് യഥാർത്ഥത്തിൽ ലഭ്യമായിരിക്കുന്നത്.

## 4-4-ii വായ്പ തിരിച്ചടവിന്റെ വിവരം.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| EMS ഭവന പദ്ധതി | സ.ഉ(എം.എസ്) 322/2010 lsgd 20.1.10 | 1,61,41,500 | 19,58,488 | 10,90,000 | | 10,03,488 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 73,02,652 |
| തൻവർഷം നിക്ഷേപിച്ച തുക –<br>പലിശ | 30,00,000<br>6,64,770 |
| ആകെ | 1,09,67,422 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,09,67,422 |

(2015-16)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം |
|---|---|---|
| റീജിയണൽ കോ- ഓപ്പറേറ്റീവ് ബാങ്ക്, പേരാമ്പ്ര | 15,48,105 | 43083 |
| റീജിയണൽ കോ- ഓപ്പറേറ്റീവ് ബാങ്ക്, പേരാമ്പ്ര | 15,48,105 | 43084 |
| ചക്കിട്ടപാറ സർവ്വീസ് സഹകരണ ബാങ്ക് | 48,61,212 | 11836 |
| ചക്കിട്ടപാറ സർവ്വീസ് സഹകരണ ബാങ്ക് | 15,00,000 | 17216 |
| കെ.ഡി.സി ബാങ്ക് | 15,00,000 | 120001 |
| ഇ.എം.എസ് ഹോസ്പിറ്റൽ ഷെയർ | 10,000 | 1407 |
| | 1,09,67,422 | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 12,516 രൂപ ഈടാക്കിയിട്ടുണ്ട്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2000-01, 29 | 2003-04, 11 | മണൽ പിരിവ് അപഹരിച്ചു. | ലഭ്യമല്ല |
| 2000-01 | 2003-04, മറ്റ് പരാമർശങ്ങൾ | ബസ് സ്റ്റാന്റ് മൂത്രപ്പുര -അർഹമായതിലും കൂടുതൽ തുക നൽകിയത് | |
| 2001-02, 3(5) | 2006-07,3.79.6 | മണൽ വില്പന -റിവർ മാനേജ്മെന്റ് ഫണ്ട് അടച്ചതിന് കാഷ് രശീതി നൽകുന്നില്ല. | |
| 2001-02, 3(2) | 2006-07, 3.79.18 | ആരംഭിച്ച പദ്ധതി പൂർത്തിയാക്കിയില്ല./ഉപേക്ഷിച്ചു. | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,02,63,081 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,95,49,730 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,93,640 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 1,18,640 | ഡോ. വിനോദ്കുമാർ. കെ. പി,<br>മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |
| 3-7 | 45,000 | ശ്രീ. മനോജ്. ഒ, സെക്രട്ടറി |
| 3-8 | 30,000 | ഡോ. പ്രശോഭ് കുമാർ, മെഡിക്കൽ ഓഫീസർ,ഹോമിയോ |
| ആകെ | 1,93,640 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന പരാമർശത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. വിനോദ്കുമാർ. കെ. പി,<br>മെഡിക്കൽ ഓഫീസർ,<br>താലൂക്ക് ആശുപത്രി | താലൂക്ക് ആശുപത്രി, പേരാമ്പ്ര | രമ്യ, കോഴിപ്പുറം കോമ്പൗണ്ട്,<br>തിരുവണ്ണൂർ, കോഴിക്കോട് |
| ശ്രീ. മനോജ്. ഒ, സെക്രട്ടറി | സെക്രട്ടറി, പേരാമ്പ്ര ഗ്രാമ പഞ്ചായത്ത് | ഒതയോത്ത്, നൊച്ചാട്, പേരാമ്പ്ര |
| ഡോ. പ്രശോഭ് കുമാർ,<br>മെഡിക്കൽ ഓഫീസർ,<br>(ഹോമിയോ) | ലഭ്യമല്ല | കൃഷ്ണപ്രഭ,<br>ഉള്ള്യേരി,<br>കോഴിക്കോട് |

## **4-9** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.കെ.കെ.ഡി. പി4/1262/ 11(2) തീ. 04.10.11 | 1 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി. പി4/1262/ 11(7) തീ. 04.10.11 | 4 |

| | | |
|---|---|---|
| 2002-03 | എൽ. എഫ്. കെ.കെ.ഡി. എസ്1/1257/06 തീ. 07.06.07 | 15 |
| 2003-04 | എൽ. എഫ്. കെ.കെ.ഡി. എസ്1/14/08 തീ. | 10 |
| 2004-05 | എൽ. എഫ്. കെ.കെ.ഡി. എസ്3/15/08 തീ. 10.06.08 | 25 |
| 2005-06 | എൽ. എഫ്. കെ.കെ.ഡി. പി4/644/09 തീ. 05.01.10 | |
| 2006-07 | എൽ. എഫ്. കെ.കെ.ഡി. പി4/357/06 തീ. 02.09.10 | |
| 2007-08 | എൽ. എഫ്. കെ.കെ.ഡി. പി4/979/10 തീ. 04.10.10 | |
| 2008-09 | എൽ. എഫ്. കെ.കെ.ഡി. പി4/949/13 തീ. 10.01.14 | 9 |
| 2009-10 | എൽ. എഫ്. കെ.കെ.ഡി. പി4/99/13 തീ. 06.03.13 | 21 |
| 2010-11, 11-12 | എൽ. എഫ്. കെ.കെ.ഡി. പി4/356/13 തീ. 05.11.03 | 27 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി. പി4/27/2015 തീ. 14.09.15 | 19 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി4/1037/2016 തീ. 17.06.16 | 21 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## <u>അനുബന്ധം 1</u>

### <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ.എസ്.എ കെ.കെ.ഡി-പി4/1947/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി. 14-11-2016.

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്

ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിൻെറ 2015–16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

KSA.KKD-P4/1947/2016

Kerala State Audit Department

District Audit Office, Kozhikode

Phone: 0495-2371012

E-mail:dokkd.ksad@kerala.gov.in

Date: 14-11-2016.

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Perambra Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Perambra Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure .

DEPUTY DIRECTOR

Kerala State Audit Department,

District Audit Office, Kozhikode.